# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T 1763 17.6.2013 - ൽ മറുപടിക്ക്**

**ഹൗസ് ബോട്ടുകൾ മൂലമുള്ള ജലമലിനീകരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ബഷീർ | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) കായലുകളിൽ സർവ്വീസ് നടത്തുന്ന ഹൗസ് ബോട്ടുകൾ ജലമലിനീകരണത്തിന് മുഖ്യ പങ്ക് വഹിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കായലിലെ ജലമലിനീകരണത്തിൽ ഹൗസ് ബോട്ടുകളും ഒരു ചെറിയ പങ്ക് വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഹൗസ് ബോട്ടുകളിൽ നിന്നും ഉണ്ടാകുന്ന എല്ലാത്തരം മാലിന്യങ്ങളും ബോട്ടുകളിൽ തന്നെ സംസ്ക്കരിക്കുന്നതിന് സംവിധാനമുള്ള ഹൗസ് ബോട്ടുകൾക്ക് മാത്രം ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) ഹൗസ് ബോട്ടുകളിൽ നിന്നും ഉണ്ടാകുന്ന എല്ലാത്തരം മാലിന്യങ്ങളും ബോട്ടുകളിൽ തന്നെ സംസ്ക്കരിക്കുന്നതിന് സംവിധാനങ്ങളുള്ള ഹൗസ് ബോട്ടുകൾ ഇപ്പോൾ നിലവിലില്ല. എന്നിരുന്നാലും താഴെ പറയുന്ന കാര്യങ്ങൾ ഹൗസ് ബോട്ടുകളിൽ ഉറപ്പാക്കാൻ നിഷ്കർഷിക്കുന്നുണ്ട്.<br><br>1. ഹൗസ് ബോട്ടിലെ സീവേജിനു വേണ്ടി ബയോ ടോയിലറ്റുകളോ, ബയോ ടാങ്കുകളോ ബോട്ടുകളിൽ തന്നെ സ്ഥാപിക്കണം. ടാങ്കിൽ നിന്നുള്ള സീവേജ് കരയിലുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാൻറുകളിലേയ്ക്ക് ഡിസ്ചാർജ്ജ് ചെയ്യണം.<br><br>2. ഹൗസ് ബോട്ടിലെ മറ്റു മാലിന്യങ്ങൾ, നാലായി തിരിച്ച് ലോഹം/ഗ്ലാസ് മാലിന്യം, പ്ലാസ്റ്റിക്ക് മാലിന്യം, ഭക്ഷ്യമാലിന്യം, ഓർഗാനിക്ക് മാലിന്യം എന്നിങ്ങനെ നാലു ബിന്നുകളിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ കരയിൽ ശേഖരിക്കാനായി ഡ്രമ്മുകൾ വെയ്ക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ